(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## ചാരായ നിരോധനത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

29 [3315] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇനിയും പുനരധിവാസത്തിന്റെ ഭാഗമായി പകരം തൊഴിൽ ലഭിക്കാത്തവരുണ്ടോ;

(ഡി) എങ്കിൽ അവർ എത്ര പേരുണ്ടെന്നും അവർക്ക് തൊഴിൽ ലഭിക്കുവാനുള്ള തടസ്സമെന്താണെന്നും വ്യക്തമാക്കാമോ;

(ഇ) ബിവറേജസ് കോർപ്പറേഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒഴിവുള്ളപ്പോൾ പ്രസ്തുത തൊഴിലാളികൾക്ക് അവിടെ നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) അങ്ങനെയുള്ളവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ചിലരെ കള്ള് ഷാപ്പിൽ നിയമിക്കാൻ ശ്രമിക്കുന്നു.

(ബി) ഓരോ കള്ളു ഷാപ്പിലും ഓരോ തൊഴിൽ നഷ്ടപ്പെട്ട അബ്കാരി തൊഴിലാളിയെ വീതം അവരുടെ ജില്ലാതല സീനിയോറിറ്റി അനുസരിച്ച് നിയമിക്കണമെന്നതാണ് ഈ സർക്കാരിന്റെ നയപരമായ തീരുമാനം. ഇതിന് നിയമ സാധുതയും നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും തൊഴിലാളികളെ കള്ളുഷാപ്പുകളിൽ നിയമിക്കാനുള്ള നടപടികൾ എടുത്തിട്ടുള്ളതുമാണ്. എന്നാൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് തയ്യാറാക്കിയ ലിസ്റ്റിൽ, അപാകതകൾ ഉണ്ടെന്ന് കാണിച്ച് ഹൈക്കോടതിയിൽ കേസ്സുകൾ നിലനിൽക്കുന്നതുകൊണ്ട് മേൽ തീരുമാനം നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. ബഹു. കോടതിയുടെ നിർദ്ദേശമനുസരിച്ച് അപാകതകൾ പരിഹരിച്ചുകൊണ്ട് ഒരു അന്തിമ ലിസ്റ്റിന് രൂപം നൽകി വരികയാണ്.

(സി, ഡി) പുനരധിവാസത്തിനുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് നിലവിലുള്ള കള്ളുഷാപ്പുകളിൽ തൊഴിലാളികളെ നിയമിച്ചു കഴിഞ്ഞാൽ മാത്രമേ ബാക്കി എത്ര പേർക്ക് തൊഴിൽ ലഭിക്കാനുണ്ടെന്ന് കണക്കാക്കാൻ കഴിയൂ.

(ഇ) നിലവിലുള്ള നിയമമനുസരിച്ച് ഇത് പരിഗണിക്കാവുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly